# 32

# വലിയ സന്ദേശമുള്ള ചെറിയ പുസ്തകം

## (വെളിപ്പാട് 10:1- 8, 11)

നമ്മുടെ കഴിഞ്ഞ രണ്ടു പാഠങ്ങളും കാഹളങ്ങളെ കുറിച്ചുള്ളതായിരുന്നു. അദ്ധ്യായം 10 തുടങ്ങുമ്പോൾ, നാം അവസാനത്തെ കാഹളം ഊതുന്നതിനായി കാത്തിരിക്കുന്നു. പകരം, ഏതാണ്ട് അടുത്ത രണ്ട് അദ്ധ്യായങ്ങളിലെ വിവരണങ്ങൾ നമ്മെ അതിന് തടസപ്പെടുത്തുകയാണ്. അവസാനത്തെ കാഹളം ഊതുന്നതിന് നാം 11:15 വരെ കാത്തിരിക്കണം.

ആറാമത്തെ മുദ്രക്കും (6:12–17) ഏഴാമത്തെ മുദ്രക്കും (8:1–5) ഇടക്ക് അത്തരം തടസം നമുക്ക് നേരിടുകയുണ്ടായി. ആ രണ്ടു മുദ്രകൾക്കിടക്ക് 144,000 പേരെ മുദ്രയിടുന്നതും (7:1–8) സിംഹാസനത്തിനു മുമ്പിൽ എണ്ണിക്കൂടാത്ത പുരുഷാരത്തിന്റെ ഒരു ദർശനവും കാണിക്കയുണ്ടായി (7:9–17).

എങ്ങനെയായാലും, മുദ്രാ തടസം കാഹള തടസം പോലെ ആയിരുന്നില്ല: മുദ്രകൾക്കിടയിലെ ഇടവേള സഭയെ *ആശ്വസിപ്പിക്കുന്നതിന്* രൂപപ്പെടുത്തിയതാണ്, എന്നാൽ കാഹളങ്ങൾക്കിടയിലെ ഇടവേള സഭയ്ക്കു *വെല്ലുവിളി* നൽകുന്നതിനായിരുന്നു. "ആ കുഴപ്പങ്ങളുണ്ടാകുമ്പോൾ സഭയ്ക്ക് എന്തു *സംഭവിക്കും?*" എന്ന ചോദ്യത്തിന് ഉത്തരം നൽകുകയാണ് ആദ്യത്തെ ഇടവേള.എന്നാൽ "ആ കുഴപ്പങ്ങൾ സംഭവിക്കുമ്പോൾ, സഭ എന്തു ചെയ്യും?" എന്ന ചോദ്യത്തിന് ഉത്തരം നൽകുകയാണ് ഇപ്പോഴത്തെ ഇടവേള.

"തടസം" "ഇടവേള" "വിശ്രമം" എന്നീ വാക്കുകൾ ഞാൻ ഉപയോഗിച്ചതുകൊണ്ട്, 10:1–11:14 അപ്രധാനമെന്നോ അല്ലെങ്കിൽ യോഹന്നാൻ വെളിപ്പാടിന്റെ യഥാർത്ഥ ഉദ്ദേശത്തിൽനിന്ന് വഴിമാറി പോയി എന്നോ ധരിക്കരുത്. ആദ്യവരികളിൽ തന്നെ, പുസ്തകത്തിലെ സന്ദേശം കേൾക്കുകയും "കരുതുകയും" ചെയ്യുന്നവർ ഭാഗ്യവാന്മാരാകുമെന്ന് പറഞ്ഞിരിക്കുന്നു (1:3). 10:1–11:14 പോലെയുള്ള ഭാഗങ്ങൾ ഇല്ലെങ്കിൽ നാം എന്താണ് "കരുതുക" എന്ന് മനസിലാക്കുകയില്ല. പുസ്തകത്തിലെ ഈ സ്പഷ്ടമായ വഴിമാറിപ്പോകൽ വളരെ വിലയുള്ളതാണ്. ആ ഭാഗങ്ങളുടെ മദ്ധ്യേ ക്രിസ്ത്യാനികളെ വെച്ച് ദൈവത്തിന്റെ വലിയ പദ്ധതിയിൽ നമ്മുടെ പങ്ക് എന്താണെന്ന് ദൈവം പറയുന്നു.

10:1–11:14–ൽ മൂന്ന് പ്രത്യേക വെല്ലുവിളികൾ നൽകിയിരിക്കുന്നു. അദ്ധ്യായം 10–ൽ കാണുന്ന ആദ്യത്തേത്, ദൈവസന്ദേശം ശ്രദ്ധിക്കേണ്ടതും അത് എങ്ങനെ കൈക്കൊള്ളണമെന്നും ഉള്ളതാണ്. ആ സന്ദേശത്തെ, എപ്രകാരം *അനുമോദിക്കണമെ*ന്നതാണ് ഈ പാഠത്തിൽ നാം പഠിക്കുന്നത്. ആ സന്ദേശം എങ്ങനെ *വിനിയോഗിക്കണമെന്ന്* നാം അടുത്ത അവതരണത്തിൽ കാണും.

### ഉജ്ജ്വലമായ സന്ദേശത്തെ അനുമോദിക്കുക (10:1, 2)

പാപത്തിൽ മുങ്ങി-ക്കുളിച്ച സമൂഹത്തെ നാം കാണുമ്പോൾ, നമ്മൾ ചെറുതും ശക്തിയില്ലാത്തവരുമായി തോന്നിയേക്കാം. റോമിന്റെ പ്രതാപവും

ശക്തിയും കണ്ട  ആദ്യ സഭയ്ക്കും അത്തരം തോന്നൽ ഉണ്ടായി കാണാം. ദൈവം ഒരു ഗംഭീരവ്യക്തിയെ യോഹന്നാന്റെ അടുക്കൽ അയച്ച് സന്ദേശം നൽകുമ്പോൾ ശക്തിയുടേയും ബലത്തിന്റേയും വ്യാത്യസ്തമായ ഒരു കാഴ്ച്ച പ്പാട് അദ്ധ്യായം 10 ന്റെ ആദ്യഭാഗത്ത് നൽകുന്നു:

> ബലവാനായ[1] മറ്റൊരു ദൂതൻ സ്വർഗത്തിൽനിന്നും ഇറങ്ങുന്നതു ഞാൻ കണ്ടു, അവൻ മേഘം ഉടുത്തും തലയിൽ ആകാശവില്ല് ധരിച്ചും മുഖം സൂര്യനെ പോലെയും കാൽ തീത്തൂണുപോലെയും ഉള്ളവൻ. അവന്റെ കയ്യിൽ തുറന്നോരു ചെറുപുസ്തകം ഉണ്ടായിരുന്നു. അവൻ വലങ്കാൽ സമുദ്രത്തിന്മേലും ഇടങ്കാൽ ഭൂമിമേലും വെച്ചു (വാ. 1, 2). (ഈ പാഠത്തിന്റെ അവസാനം വരുന്ന "ദൂതനും ചെറുപുസ്തകവും" എന്ന ചിത്രീകരണം നോക്കുക.)

മുൻപ്, യോഹന്നാൻ "മുദ്ര പൊട്ടിപ്പാനും പുസ്തകം തുറപ്പാനും യോഗ്യൻ ആർ" എന്ന് "ശക്തനായ ഒരു ദൂതൻ" അത്യുച്ചത്തിൽ ചോദിക്കുന്നത് കേട്ടു (5:2). ഇപ്പോൾ അവൻ "ബലവാനായ മറ്റൊരു ദുതനെ" യാണ് കാണുന്നത്.

അമേരിക്കയിൽ, ദൂതന്മാർ എന്നത് ഒരു താൽക്കാലിക ഭ്രാന്തായി തീർന്നി രിക്കയാണ്. ദൂതന്മാരെ പ്രതിനിധീകരിക്കുന്ന ചിത്രങ്ങളും മറ്റും ഇന്ന് പ ല ഭവനങ്ങളിലും അലങ്കാരമായി കാണാം. എങ്ങനെയായാലും, വെളിപ്പാട് 10 ലെ മേഘം-ഉടുത്തതിനോടും ആകാശവില്ല്-ധരിക്കുന്നതിനോടും വ്യാവ സായികമായി അവയ്ക്കൊന്നും ഒരു സാമ്യവുമില്ല. വെളിപ്പാടിലെ ദൂതന്മാരെ യൂജിൻ പീറ്റേഴ്സൺ നിരീക്ഷിച്ചു, "രൂബേന്റെ ഫലപുഷ്ടിയുള്ള അരുമയായ എണ്ണയുടേതല്ല,[2] അല്ലെങ്കിൽ ക്രിസ്തുമസ് നാടകങ്ങളിലെ പെൺകുട്ടികളുടെ കുലുങ്ങി കുലുങ്ങിയുള്ള ചിരിയുമല്ല, എന്നാൽ വാസ്തവത്തിലുള്ള ദൂതന്മാർ, അപോകാലിപ്റ്റിക് ദൂതന്മാർ - വിപുലവും ഭയാനകവുമായ കടൽ-കവച്ചു നടക്കുന്ന ദൂതന്മാർ, അവരുടെ മൂക്കുകളിൽ നരക ഗന്ധവും കണ്ണുകളിൽ സ്വർഗവും കാണാമായിരുന്നു."[3] "വീണകൾ മീട്ടി ക്ഷീണിച്ചുപോയവരാണ് വെളിപ്പാടിലെ ദൂതന്മാർ എന്ന ആശയം ഒരിക്കൽ എന്നേക്കുമായി നീക്കം ചെയ്യണം"[4] എന്ന് മൈക്കിൾ വിൽക്കോക്ക് പറയുകയുണ്ടായി.

മുൻപ് പിതാവിനേയും പുത്രനേയും വിവരിച്ചത് ഓർപ്പിക്കുന്നതാണ്: വാക്യം 1-ൽ പറയുന്ന ബലവാനായ ദൂതൻ. "മേഘം ധരിച്ചിരിക്കുന്നു" "യേശു വരുന്നത് മേഘത്തിലായിരിക്കും" (1:7). സന്ദേശവാഹകന്, "അവന്റെ തലയിൽ ആകാശ - വില്ല് ... ധരിച്ചിരുന്നു" "ദൈവത്തിന്റെ സിംഹാസനത്തിനു ചുറ്റും മഴ വില്ലും ഉണ്ടായിരുന്നു." (4:3). ദൂതന്റെ മുഖം "സൂര്യനെ പോലെ ആയിരുന്നു" മനുഷ്യപുത്രന്റെ ദർശനത്തിൽ പോലും, അവന്റെ മുഖം "നട്ടുച്ചക്ക് സൂര്യൻ പ്രകാശിക്കുന്നതുപോലെയായിരുന്നു" (1:16). ദൂതന്റെ കാൽ "തീത്തൂണു പേ ാലെ ആയിരുന്നു." അത് നമ്മെ ഓർപ്പിക്കുന്നത് "യേശുവിന്റെ കാൽ ഉലയിൽ ചുട്ടു പഴുപ്പിച്ച വെള്ളോട്ടിനു സദൃശം" എന്നതാണ് (1:15). ഈ വിശദാംശ ങ്ങളും - ദൂതന്മാർ സ്വർഗത്തിൽനിന്ന് വന്നു എന്നതും - സൂചിപ്പിക്കുന്നത് കർത്താവിന്റെ രഹസ്യസന്ദേശവാഹകൻ തന്നെയായിരുന്നു എന്നാണ്.[5]

ന്യായവിധി ചിഹ്നങ്ങളും (മേഘം, സൂര്യൻ, തീത്തൂണ്) കരുണയുടെ ചിഹ്നവും (മഴവില്ല്)[6] യോജിപ്പിക്കുന്നതാണ് ദൂതൻ കൊണ്ടുവന്ന സന്ദേശം; ന്യായവിധിയുടേയും കരുണയുടേയും (10:9, 10) കയ്പും മധുരവുമുള്ള

സന്ദേശം.

അവന്റെ തലമേലുണ്ടായിരുന്ന "തുറന്ന ചെറിയ പുസ്തകത്തിലായിരുന്നു" സന്ദേശം (വാ. 2). അദ്ധ്യായത്തിന്റെ കേന്ദ്രബിന്ദു ആ മടക്കാത്ത ചെറിയ ചുരുളായിരുന്നു; അത് പതിനൊന്നു പ്രാവശ്യം പല വാക്യങ്ങളിലായി പറഞ്ഞിരിക്കുന്നു.[7] ദൈവം അയച്ച രത്നത്തിനുള്ള പ്രാധാന്യം മനസിലാക്കുവാൻ വേണ്ട  പശ്ചാത്തലം ഒരുക്കുകയാണ് അദ്ധ്യായത്തിന്റെ ആരംഭത്തിൽ. ലിയോൺ മോറിസ് എഴുതി,

> ചെറിയ അപ്രധാനമായ സഭയിലെ അംഗങ്ങളായവരെന്ന് കരുതി ക്രിസ്ത്യാനികളെ ലോകം നിന്ദിച്ചു. അവരെ കാര്യമാക്കേണ്ടതില്ല എന്ന നിലയിലാണ് കണ്ടത്. എന്നാൽ അവരുടെ വിശ്വാസം ദൈവവചനത്തിൽ അധിഷ്ഠിതവും ആ വചനം ആ വലിയ രൂപത്തിന്റെ കൈകളിലുമായിരുന്നു ... അവൻ കരയും കടലും നിറഞ്ഞുനിന്നു. ദൈവവചനം ഏറ്റവും പ്രാധാന്യമേറിയതാണ്. അത് മനുഷ്യന്റെ എല്ലാ കാര്യങ്ങളേക്കാളും ഉയർന്നിരിക്കുന്നു.[8]

ആ ചെറുപുസ്തകം ദൈവവചനം ആണെന്നാണ് മോറിസ് പറഞ്ഞത്. അത് നമ്മെ "എന്തായ*ിരുന്നു* ആ 'ചെറുപുസ്തകം?' " എന്ന ചോദ്യത്തിലേക്ക് നയിക്കുന്നു. നമുക്ക് തീർച്ചയായും പറയാവുന്ന ചില പ്രസ്താവനകളുണ്ട്.[9] (1) പുസ്തകത്തിൽ ദൈവത്തിന്റെ പദ്ധതികളും ഉദ്ദേശങ്ങളും അടങ്ങുന്നു: ഈ പുസ്തകത്തിൽ പിന്നീട് വരുന്ന "ദൈവത്തിന്റെ മർമ്മം" (10:7) എന്ന പ്രയോഗത്തിന്റെ കുറിപ്പുകൾ നോക്കുക. (2) അത് സുവിശേഷത്തോട് ബന്ധിപ്പിച്ചിരിക്കുന്നു 10:7–ൽ "പ്രസംഗിച്ചു"[10]എന്നത് ഗ്രീക്ക് വാക്ക് തർജിമ ചെയ്തതാണ്, അർത്ഥം, "സുവിശേഷം പ്രസംഗിച്ചു"[11] എന്നാണ്. (3) അതിലെ സന്ദേശം കൈപ്പും മധുരവുള്ളതായിരുന്നു (10:9, 10). (4) അതിൽ യോഹന്നാന്റെ പ്രവചനപ്രവൃത്തികളും അടങ്ങിയിരുന്നു. യോഹന്നാന് പുസ്തകം മനസിലായപ്പോൾ, അവൻ തന്റെ ദൗത്യം പുനരാരംഭിക്കുവാൻ തയ്യാറായി (10:10, 11).

ബൈബിളിലെ ഒരു ഭാഗമോ, അല്ലെങ്കിൽ എല്ലാ ഭാഗമോ ആണ് ആ ചെറുപുസ്തകം എന്ന് മിക്ക എഴുത്തുകാരും മനസിലാക്കിയിരിക്കുന്നു. വെളിപ്പാട് പുസ്തകത്തിന്റെ പശ്ചാത്തലമായ പഴയനിയമ ഭാഗങ്ങളായിരുന്നു അതിലുണ്ടായിരുന്നതെന്ന് ചിലർ കരുതുന്നു. പുതിയനിയമം മുഴുവനും ഉൾപ്പെടുന്നതായിരുന്നു ആ ചെറുപുസ്തകമെന്നാണ് ചിലർ മനസിലാക്കുന്നത്. യോഹന്നാന് അന്നുവരെ ലഭിക്കാതിരുന്ന വെളിപ്പാടിലെ ശേഷം സന്ദേശമാണ് ആ ചെറുപുസ്തകത്തിലുണ്ടായിരുന്നത് എന്നാണ് ഏറ്റവും പൊതുവായ വിശദീകരണം: ഒരുപക്ഷെ അദ്ധ്യായം 11 മുതലോ, അല്ലെങ്കിൽ അദ്ധ്യായം 12 മുതൽ പുസ്തകം അവസാനിക്കുന്നതുവരെയോ ആയിരിക്കാം.[12]

ആ ചെറുപുസ്തകത്തിൽ എന്താണെന്ന് വേദഭാഗം പറയാത്തിടത്തോളം അതിനെ ഉറപ്പിച്ചു പറയുവാൻ നമുക്ക് സാധ്യമല്ല.[13] എങ്ങനെയായാലും, നമുക്ക് ഇത് ഉറപ്പിച്ചു പറയാം: ആ ചെറുപുസ്തകത്തിൽ *ദൈവത്തിൽ നിന്നുള്ള* സന്ദേശമായിരുന്നു ഉണ്ടായിരുന്നത്. അതുകൊണ്ട് അത് അതീവ പ്രാധാന്യമുള്ളതായിരുന്നു ദൈവം സംസാരിക്കുമ്പോഴെല്ലാം ആളുകൾ കേൾപ്പാൻ തയ്യാറാകണം (സങ്കീർത്തനങ്ങൾ 81:8, 11, 13)!

## സന്ദേശത്തിന്റെ സാർവ്വത്രികത്വം (10:2, 3, 5, 8, 11)

അടുത്ത വിശദീകരണത്തിലും സന്ദേശത്തിന്റെ പ്രാധാന്യം ഊന്നി പറയുന്നു: "സ്വർഗീയ ദൂതൻ വലങ്കാൽ സമുദ്രത്തിന്മേലും[14] ഇടങ്കാൽ ഭൂമിമേലും വെച്ചു" (വാ. 2). ഈ വിശദാംശം നമ്മുടെ വേദഭാഗത്ത് മൂന്നു പ്രാവശ്യം പറഞ്ഞിരിക്കുന്നത് (വാ. 2, 5, 8) പ്രത്യേക പ്രാധാന്യത്തെ കാണിക്കുന്നു.

കീഴടക്കുന്ന ഒരുനായകനെ പോലെയായിരുന്നു ദൂതന്റെ ആകാരം. സമുദ്രത്തിന്മേലും ഭൂമിമേലും കാൽ വെച്ചത് സൂചിപ്പിക്കുന്നത് അവന് രണ്ടിന്മേലും അധികാരമുണ്ടെന്നാണ്. കൂടാതെ അത് വ്യക്തമാക്കുന്നത് അവൻ കൊണ്ടു വന്ന സന്ദേശം *സാർവ്വത്രികമാണ്* എന്നാണ്. ദൂതൻ അത്യുച്ചത്തിൽ ആർത്തു എന്ന വസ്തുത അതിനെ ഉറപ്പിക്കുകയാണ് ചെയ്യുന്നത് (വാ. 3) അത് സകല സൃഷ്ടികളിലും എത്തുന്ന ശബ്ദമായിരുന്നു. (വാക്യം 3 മുതൽ 5:2, 3 താരതമ്യം ചെയ്യുക.) യോഹന്നാന്റെ അറിയിപ്പിൽ "ആളുകളും, ദേശങ്ങളും, ഭാഷക്കാരും, രാജാക്കന്മാരും" ഉൾപ്പെടുന്നതായി വീണ്ടും ഉറപ്പിക്കുകയാണ് (വാ. 11) – സന്ദേശം എല്ലായിടുത്തും എല്ലാ വ്യക്തികൾക്കുമുള്ളതാണെന്ന് വെളിപ്പാടിൽ മറ്റൊരു ഭാഗത്തു പറയുന്നു (7:9; 11:9; 17:15).

ദൈവത്തിന്റെ പദ്ധതികളും ഉദ്ദേശങ്ങളും വെളിപ്പെടുത്തിയിരിക്കുന്നത് തിരഞ്ഞെടുക്കപ്പെട്ട ഏതാനും പേർക്കല്ല. അത് "ലോകത്തിന് മുഴുവൻ ഉള്ളതാണ്" (മർക്കൊസ് 16:15), എല്ലാ "ദേശക്കാർക്കും" (മത്തായി 28:19), "എല്ലാ മനുഷ്യർക്കും" (1 തിമൊഥെയൊസ് 2:4; തിത്തൊസ് 2:11) – അതിൽ നിങ്ങളും ഞാനും ഉൾപ്പെടും!

## സന്ദേശത്തിന്റെ നിയന്ത്രണം സ്വീകരിക്കണം (10:3, 4)

ആ ചെറുപുസ്തകത്തിന്റെ ഏറ്റവുമധികം പ്രാധാന്യമുള്ള വശം എന്തെന്നാൽ, അത് തുറന്നപ്പോൾ, എല്ലാ കണ്ണുകൾക്കും അത് കാണുവാൻ കഴിഞ്ഞു എന്നതാണ്. "നമ്മുടെ ജീവനും ഭക്തിക്കും വേണ്ടുന്നതൊക്കെ ദൈവം ലഭ്യമാക്കി" എന്നറിയുന്നത് മഹത്തായ കാര്യമാണ് (2 പത്രൊസ് 1:3). എങ്ങനെ ക്രിസ്തീയജീവിതം നയിച്ചാലാണ് മരണശേഷം സ്വർഗത്തിൽ പോകുക എന്ന് ദൈവം വിശദമായി വെളിപ്പെടുത്തിയിരിക്കുന്നു.

നേരെ മറിച്ച്, *എല്ലാം* നാം അറിയേണ്ട ആവശ്യ*മില്ല;*[15] ചില സത്യങ്ങൾ ദൈവം വെളിപ്പെടുത്തിയി*ട്ടില്ല*. "മറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമ്മുടെ യഹോവക്കുള്ളതാകുന്നു" (ആവർത്തനപുസ്തകം 29:29). ആരോ പറഞ്ഞു, "വെളിപ്പെടുത്തിയിരിക്കുന്നതിന് തുല്യ പ്രാധാന്യമുള്ളതാണ് മറഞ്ഞിരിക്കുന്നതും."

ബൈബിളിൽ കല്ലറ പോലെ നിശബ്ദമായിരിക്കുന്നതിനെ കുറിച്ച് ചോദ്യം ചെയ്യുവാനും അറിയണമെന്ന് *വിചാരിക്കുന്ന* പല കാര്യങ്ങളുമുണ്ട്. നമ്മുടെ ആകാംക്ഷ ശമിപ്പിക്കുന്നതിനല്ല ബൈബിൾ എഴുതപ്പെട്ടത് എന്ന കാര്യം നാം ഓർമ്മിക്കണം, മറിച്ച് നമുക്ക് വേണ്ട "ഉപദേശത്തിനും, ശാസനത്തിനും, ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും" ആണ്. (2 തിമൊഥെയൊസ് 3:16). തന്റെ ജനം ചില കാര്യങ്ങൾ അറിയേണ്ട ആവശ്യമില്ല എന്ന് ദൈവം ചിത്രീകരിക്കുന്നതാണ് പിന്നീട് നടക്കുന്ന സംഭവങ്ങൾ.

"സിംഹങ്ങൾ ഗർജിക്കുന്നതുപോലെയായിരുന്നു ദൂതൻ അത്യുച്ചത്തിൽ ആർത്തത്;[16] അവൻ ആർത്തപ്പോൾ, ഏഴ് ഇടിയും നാദം മുഴക്കി" (വാ. 3). "ഏഴ് ഇടികൾ ശബ്ദം മുഴക്കി" എന്ന പ്രയോഗം നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നതാണ്. നമുക്ക് ഏഴ് സഭകൾക്കുള്ള ലേഖനങ്ങളും, ഏഴ് മുദ്രകളും

ഏഴ് കാഹളങ്ങളുമുള്ള ഒരു പുസ്തകവും ലഭിച്ചു. ഇപ്പോൾ നമുക്ക് "ഏഴ് ഇടികളുമായി" (കെജെവി).[17] ആ ഇടികൾക്ക് യോഹന്നാനോടും – നമ്മോടും എന്താണ് പറയുവാനുള്ളത്?

"ഏഴ് ഇടിനാദം മുഴക്കിയപ്പോൾ", "ഞാൻ എഴുതുവാൻ ഭാവിച്ചു" എന്ന് യോഹന്നാൻ പറഞ്ഞു. എന്നാൽ "ഏഴ് ഇടി മുഴക്കിയത് എഴുതാതെ മുദ്ര യിട്ടേക്ക എന്ന് സ്വർഗത്തിൽനിന്ന് ഒരു ശബ്ദം കേട്ടു" (വാ. 4).[18] അത് ഒരു സ്വാഭാവിക പ്രതികരണമായിരുന്നു. എങ്ങനെയായാലും, അവനോട് പറഞ്ഞു, "നീ കാണുന്നതും [കേൾക്കുന്നതും എന്നത് അന്തർലീനമായിരുന്നു, ഒരു പു സ്തകത്തിൽ എഴുതുക]" (1:11). അവന് കൊടുത്ത നിർദ്ദേശം "നീ കണ്ടതും ഇപ്പോൾ ഉള്ളതും ഇനി സംഭവിപ്പാനിരിക്കുന്നതും എഴുതുക എന്നായിരുന്നു" (വാ. 1:19). ഇടി മുഴക്കിയപ്പോൾ, അവൻ മഷിക്കുപ്പിയിൽനിന്ന് തന്റെ പേന പു റത്തെടുത്ത് എഴുതുവാൻ ആഞ്ഞു കാണും.

അവൻ അങ്ങനെ ചെയ്തപ്പോൾ – അതിശയമായി – കർത്താവ് അവനെ തടുത്തു: "മുദ്രയിട്ടേക്ക[19] സ്വർഗത്തിൽനിന്ന് ഒരു ശബ്ദം ഞാൻ കേട്ടു. ഏഴ് ഇടി മുഴക്കി പറഞ്ഞത് എഴുതേണ്ട" (വാ. 4).[20]

ഏഴ് ഇടിമുഴക്കത്തിന്റെ സന്ദേശം[21] *എന്തായിരുന്നു* എന്നതിനെ കുറിച്ചും ദൈവം യോഹന്നാനോട് അത് എഴുതരുത് എന്ന് പറഞ്ഞത് *എന്തുകൊണ്ടാ* ണെന്നതിനെ കുറിച്ചും വ്യാഖ്യാതാക്കൾ ചർച്ച ചെയ്യുവാൻ ചെലവിട്ട പേ ജുകൾ നമ്മെ വിസ്മയിപ്പിക്കുന്നതും വിനോദിപ്പിക്കുന്നതുമാണ്.[22] "എന്ത്," എന്നത് നാം അറിയണമെന്ന് ദൈവം ആഗ്രഹിച്ചുവെങ്കിൽ അത് എഴുതുവാൻ അവൻ യോഹന്നാനോട് പറയുമായിരുന്നു. "എന്തുകൊണ്ട്" എന്ന് നാം അറി യുവാൻ അവൻ ആഗ്രഹിക്കുന്നു എങ്കിൽ നമ്മോടു പറയുമായിരുന്നു. കർത്താ വിന്റെ നിശബ്ദതയെ ബഹുമാനിക്കുവാൻ നമുക്ക് എന്തു പ്രയാസമാണ്!

യാദൃശ്ചികമായി, ഏഴ് ഇടിമുഴക്കത്തിന്റെ സന്ദേശം എഴുതരുത് എന്ന് ദൈവം യോഹന്നാനോട് പറയുവാനുള്ള കാരണം നിരത്തുന്നവരെ, ക്രിസ്തു വീണ്ടും വരുന്നത് കൃത്യമായി പറയുവാൻ കഴിയുമെന്ന് അവകാശപ്പെടുന്ന തുപോലെ മാത്രമെ നമുക്ക് കാണുവാൻ കഴിയുകയുള്ളു. ഒരു കടങ്കഥയിലെ ആവശ്യമായ ഭാഗം പറയാതിരിക്കുകയാണെങ്കിൽ, അപോകാലിപ്റ്റിക് ഭാഷ യിൽ അത് ഒരു സന്ദേഹ ഘടനയായിരിക്കും!

> ഈ പുസ്തകത്തിലെ ചില പ്രവചന രീതികളുടെ തീയ്യതി-നിശ്ചയിക്കുന്ന പ്രവണതക്കെതിരെയുള്ള മുന്നറിയിപ്പായി ഇടിമുഴക്കത്തെ മുദ്രയിട്ടേക്ക എന്ന വസ്തുതയിലുണ്ടെന്ന കാര്യം നമ്മുടെ അറിവ് വർദ്ധിപ്പിക്കുന്ന താണ്.[23]

> ... ഭാവി പ്രവചിക്കുന്നതിനെ കുറിച്ച് നാം വളരെ ശ്രദ്ധിക്കണം, കാരണം ഒരുപക്ഷെ നാം പ്രധാനപ്പെട്ട കാര്യം വിട്ടുപോയേക്കാം![24]

> ... ആ ഇടിമുഴക്കം പറയുന്നതെന്താണെന്ന് ആളുകൾ അറിയുന്നതുവരെ (അവർ ഒരിക്കലും അറിയുകയുമില്ല) ഈ പ്രവചനത്തിൽ മുന്നറിയിച്ച സംഭവങ്ങളുടെ തീയതി ആരും ഗണിക്കരുത്.[25]

അപ്രതീക്ഷിതമായി താൻ വരുമെന്നാണ് യേശു പറഞ്ഞത് (മത്തായി 24:44;

1 തെസലൊനിക്യർ 5:2; 2 പത്രൊസ് 3:10; വെളിപ്പാട് 3:3). അവൻ പിന്നെ പറഞ്ഞു, "ആ നാളും നാഴികയും സംബന്ധിച്ചോ, എന്റെ പിതാവ് മാത്രമല്ലാതെ ആരും സ്വർഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല" (മത്തായി 24:36). ദൈവത്തിന്റെ നിശബ്ദതയെ നാം ആദരിക്കണമെന്ന്, ഞാൻ വീണ്ടും പറയട്ടെ.

### സന്ദേശത്തിന്റെ അവ്യയത്വം അംഗീകരിക്കുക (10:5-7)

ഇടിമുഴക്കം പറഞ്ഞത് എഴുതേണ്ട എന്ന് യോഹന്നാനോട് പറഞ്ഞശേഷം, നമുക്ക് പാവനമായ ഒരു രംഗമുണ്ട്. "സമുദ്രത്തിന്മേലും ഭൂമിമേലും നിൽക്കുന്നവനായി ഞാൻ കണ്ട ദൂതൻ വലങ്കൈ ആകാശത്തേക്ക് ഉയർത്തി" (വാ. 5).[26] വളരെ കാലത്തിന് ശേഷമാണ് ദൈവമുൻപാകെ ഒരു പ്രതിജ്ഞ എടുക്കുന്നത്. (ആവർത്തനപുസ്തകം 32:40; ദാനിയേൽ 12:7.)[27]

ദൂതൻ പിന്നെ, "പ്രവാചകന്മാർക്ക് അറിയിച്ചുകൊടുത്തതുപോലെ നിവർത്തിയാകുമെന്ന് ആകാശവും അതിലുള്ളതും, ഭൂമിയും അതിലുള്ളതും സൃഷ്ടിച്ചവനായി എന്നേക്കും ജീവിച്ചിരിക്കുന്നവനെച്ചൊല്ലി സത്യം ചെയ്തു"[28] (വാ. 6). ഒരു ആണയുടെ ആമുഖത്തിന് കൂടുതൽ പ്രതീതി ഊഹിക്കുവാൻ പ്രയാസമാണ്![29] പ്രതിജ്ഞ ചെയ്തതു നിവർത്തിച്ചില്ലെങ്കിൽ അനന്തരഫലം അസാധാരണമായിരിക്കും:

> ഇനി കാലം ഉണ്ടാകയില്ല ... ഏഴാമത്തെ ദൂതൻ കാഹളം ഊതുവാനിരിക്കുന്ന നാദത്തിന്റെ കാലത്ത് ദൈവത്തിന്റെ മർമ്മം [അവൻ] തന്റെ ദാസന്മാരായ പ്രവാചകന്മാർക്ക് അറിയിച്ചുകൊടുത്തതുപോലെ നിവൃത്തിയാകുമെന്ന് എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനെച്ചൊല്ലി സത്യം ചെയ്തു (വാ. 6, 7).

ആ വിശുദ്ധ സത്യത്തിന്റെ പ്രാധാന്യം മനസിലാക്കുവാൻ, അതിലെ രണ്ട് വാക്കുകൾ നാം പരിശോധിക്കണം. ആദ്യം, "വൈകിക്കൽ" എന്ന വാക്ക് നമുക്ക് നോക്കാം: "വൈകിക്കൽ" എന്നതിന് പകരം കെജെവിയിൽ "കാലം" എന്നാണ്. ഗ്രീക്ക് വാക്ക് *ക്രോണോസ്* എന്നായതുകൊണ്ട് അത് മോശമായ തർജിമയല്ല. "കാലം" എന്ന വാക്കിനുള്ള ഗ്രീക്കുവാക്കുകളിൽ ഒന്നാണത്.[30] കെജെവിയിലെ തർജിമയുടെ അടിസ്ഥാനത്തിൽ, ആളുകൾ ഒരു സിദ്ധാന്തം രൂപപ്പെടുത്തിയതെന്തെന്നാൽ, നിത്യത ആരംഭിച്ചുകഴിഞ്ഞാൽ "പിന്നെ കാലം ഇല്ല എന്നാണ്". അത് ശരിയായിരിക്കാം അല്ലെങ്കിൽ അല്ലായിരിക്കാം,[31] പക്ഷെ ദൂതൻ ഇവിടെ നൽകുന്ന പോയിന്റ് അതല്ല. വാക്യം 7-ൽ പിന്നീടു പറയുന്ന വാക്കുകൾ ശ്രദ്ധിക്കുക. "ദൈവത്തിന്റെ മർമ്മം" നിവൃത്തിയാകുവാൻ "*കാലം വന്നിരിക്കുന്നു*" എന്നതാണ് ദൂതൻ ഊന്നി പറയുന്നത് - അതു നിവൃത്തിയാകുവാൻ *ഇനി കാലം നീട്ടിവെക്കുകയില്ല. ക്രോണോസിനെ* "വൈകൽ"[32] എന്നും തർജിമ ചെയ്യാവുന്നതിനാലും, "വൈകൽ" എന്നത് സന്ദർഭം കൂടുതൽ ബോധ്യപ്പെടുത്തുന്നതിനാലും, ആ വാക്കാണ് എൻഏഎസ്ബിയിലും, എൻകെജെവിയിലും, മറ്റു തർജിമകളിലും ഉപയോഗിച്ചിരിക്കുന്നത്.

രണ്ടാമത്, "ദൈവത്തിന്റെ മർമ്മം" എന്ന വാക്ക് നാം പരിശോധിക്കണം. "മർമ്മം" എന്ന വാക്ക് (ആത് പുതിയ നിയമത്തിലുടനീളം ഉപയോഗിച്ചിരിക്കുന്നു[33]) പ്രത്യേക ഉൾക്കാഴ്ച്ചയുള്ള ചിലർക്ക് മാത്രമെ മനസിലാക്കുവാൻ കഴി

കയുള്ളു എന്ന് സ്ഥാപിക്കുന്നവർ പറയുന്നത് ബൈബിളിലുടനീളം “മർമ്മം” ആണുള്ളത് അതിലെ “ആഴമേറിയ സത്യങ്ങൾ”[34] ഗ്രഹിക്കുവാൻ സാധ്യമല്ല എന്ന അർത്ഥത്തിൽ “മർമ്മം” എന്ന വാക്ക് എടുത്ത് ദുരുപയോഗം ചെയ്യും. ഒരു നിയമം എന്ന നിലയിൽ “മനസിലാക്കുവാൻ പ്രയാസമോ സാധ്യമോ”.[35] അല്ലാത്ത രീതിയിൽ പുതിയ നിയമത്തിൽ “മർമ്മം” എന്ന വാക്ക് ഉപയോഗിച്ചിട്ടില്ല. മറിച്ച് “മർമ്മം” അർത്ഥമാക്കുന്നത് മുൻപ് മനസിലാക്കാതിരുന്നതും *ഇപ്പോൾ കർത്താവിനാൽ വെളിപ്പെടുത്തിയിരിക്കുന്നതുമാണ്.*[36] അതുകൊണ്ട് പൗലൊസ് എഴുതി, “അത് പൂർവ്വകാലങ്ങൾക്കും തലമുറകൾക്കും മറഞ്ഞുകിടന്ന മർമ്മം എങ്കിലും *ഇപ്പോൾ* അവന്റെ വിശുദ്ധന്മാർക്ക് വെളിപ്പെട്ടിരിക്കുന്നു” (കൊലൊസ്യർ 1:26; എംഫസിസ് മൈൻ). അവൻ എഫെസ്യർക്ക് ലേഖനം എഴുതിയപ്പോൾ ഊന്നി പറഞ്ഞു “മർമ്മം ദൈവം നമുക്ക് *വെളിവാക്കി*” (എഫെസ്യർ 1:9; എംഫസീസ് മൈൻ; എഫെസ്യർ 3:3, 4, 9 നോക്കുക).

ഒരിക്കൽ “മറഞ്ഞു കിടന്ന” “ഇപ്പോൾ വെളിപ്പെടുത്തിയതും തന്റെ വിശുദ്ധന്മാർക്ക് [വെളിവാക്കിയ] തുമായ മർമ്മം എന്തായിരുന്നു”? പുതിയനിയമത്തിൽ നാം “ദൈവരാജ്യത്തിന്റെ മർമ്മം” എന്നു വായിക്കുന്നു (മർക്കൊസ് 4:11), ജാതികളെ എങ്ങനെ ദൈവത്തിന്റെ ഉദ്ദേശങ്ങളിലേക്കും പദ്ധതികളിലേക്കും കൊണ്ടു വരുന്നു എന്ന “മർമ്മം” (റോമർ 11:25; എഫെസ്യർ 3:4–6), പുനരുത്ഥാനത്തിന്റെ “മർമ്മം” എന്നതാണ് (1 കൊരിന്ത്യർ 15:51), ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തിന്റെ “മർമ്മം” (എഫെസ്യർ 5:32), സുവിശേഷത്തിന്റെ “മർമ്മം” ആണ് (എഫെസ്യർ 6:19), ക്രിസ്തുവിന്റെ “മർമ്മം” (കൊലൊസ്യർ 4:3), വിശ്വാസത്തിന്റെ “മർമ്മവും” (1 തിമൊഥെയൊസ് 3:9), അവതാരത്തിന്റെ “മർമ്മവും” ഉണ്ടായിരുന്നു (1 തീമൊഥെയൊസ് 3:16). ആ “മർമ്മങ്ങളെല്ലാം” ദൈവത്തിന്റെ വലിയ ഒരു “മർമ്മത്തിന്റെ” ഭാഗമായിരുന്നു: *യേശുക്രിസ്തുമൂലമുള്ള ദൈവത്തിന്റെ വീണ്ടെടുപ്പുപദ്ധതി*യുടെ.

പൗലൊസ് മർമ്മത്തെ ക്രിസ്തു “തന്നെയെന്ന്” നിർവ്വചിച്ചു, “അവനിൽ ജ്ഞാനത്തിന്റേയും പരിജ്ഞാനത്തിന്റേയും നിക്ഷേപങ്ങൾ ഒക്കെയും ഗുപ്തമായിട്ടു ഇരിക്കുന്നു” (കൊലൊസ്യർ 2:2, 3). കൊലൊസ്യർ 1:26, 27–ൽ അവൻ പറഞ്ഞു, “ആ മർമ്മം,” “മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നതു തന്നെ.” അവൻ എഫെസ്യർ 3–ൽ, (വാ. 3, 4, 9) “മർമ്മത്തെ” കുറിച്ച് എഴുതുമ്പോൾ, “സുവിശേഷത്തിന്റെ” ആവശ്യകതയെയും (വാ. 6), സഭയുടെ പ്രാധാന്യത്തേയും കുറിച്ച് (വാ. 10) അവൻ പറഞ്ഞു, “അതു ദൈവത്തിന്റെ അനാദി നിർണ്ണയപ്രകാരമായിരുന്നു എന്നും” പിന്നീട് പറഞ്ഞു (വാ. 11). അവൻ റോമാ ലേഖനം അവസാനിപ്പിച്ചുകൊണ്ടു എഴുതി, “മർമ്മത്തിന്റെ വെളിപ്പാടിനനുസരണമായുള്ള എന്റെ സുവിശേഷത്തിനും യേശുക്രിസ്തുവിനെക്കുറിച്ചുള്ള പ്രസംഗത്തിനും ഒത്തവണ്ണം ... നിങ്ങളെ സ്ഥിരപ്പെടുത്തുമാറാകട്ടെ” (റോമർ 16:25, 26).

“പ്രവാചക ദാസന്മാരോട്” ദൈവം ആ മനോഹരമായ വീണ്ടെടുപ്പിന്റെ “മർമ്മം” അറിയിച്ചു എന്ന് വെളിപ്പാട് 10–ൽ പറഞ്ഞിരിക്കുന്നു (വാ. 7).[37] ഏഴാമത്തെ കാഹളം ഊതുമ്പോൾ, ദൈവത്തിന്റെ ഉദ്ദേശവും പദ്ധതിയും “നിവർത്തിയാകും” എന്ന് അവൻ ഊന്നി പറയുകയുണ്ടായി (വാ. 7; 11:15 നോക്കുക[38]). ദൂതന്റെ വാക്കുകൾ വിൽക്കോക്ക് ചുരുക്കി ഇങ്ങനെ പറഞ്ഞു: “ദൈവത്തിന്റെ കലണ്ടറിലെ അടുത്ത സംഭവം കാഹളം 7 ആയിരിക്കും, അതോടെ അവസാനിക്കയും ചെയ്യും.”[39]

ദൈവ വാഗ്ദാനങ്ങളെല്ലാം *തീർച്ച*യുള്ളതാണെന്നാണ് ദൂതൻ അറിയിച്ചുകൊണ്ടിരുന്നത്. റോമാ ഗവൺമെന്റിന്റെ അനീതിയുടെ കലണ്ടർ ദൈവത്തിന്റെ നീതിയുടെ കലണ്ടറുമായി താരതമ്മ്യം ചെയ്യുമ്പോൾ റോമയുടേത് രണ്ടാം സ്ഥാനത്താണ് ദൈവത്തിന്റെ ശത്രുക്കൾ മോശമായത് ചെയ്യട്ടെ: അവർക്ക് ദൈവനിയമങ്ങളെ അസാധുവാക്കുവാൻ കഴിയുകയില്ല.

ദൈവവാഗ്ദാനങ്ങൾ അപ്പോഴുമുണ്ടാകും. ദൈവത്തിന്റെ വചനം ഒരിക്കലും നീങ്ങിപോകയില്ല (മത്തായി 24:35; 1 പത്രൊസ് 1:23). നിങ്ങൾക്ക് അത് വിശ്വസിക്കാം!

## ഉപസംഹാരം

ആ ചെറുപുസ്തകം മറ്റെന്തു തന്നെയായാലും, അത് ദൈവത്തിൽനിന്നുള്ള സന്ദേശമായിരുന്നതുകൊണ്ട് അതിന് ദൈവത്തിന്റെ വായിൽനിന്നു വരുന്ന എല്ലാ വാക്കുകളുടേയും ഗുണമുണ്ടാകും. ആ സന്ദേശം, അത്ഭുതകരവും, സാർവ്വത്രികവും, നിയന്ത്രണമുള്ളതും, അവ്യയത്വവുമാണ്. യോഹന്നാൻ, അതുകൊണ്ട്, അതിനെ അനുമോദിക്കയും, അതിശയിക്കയും, സമ്മതിക്കയും, സ്വീകരിക്കയും ചെയ്തു – അതുപോലെ നാമും ദൈവസന്ദേശമായ ബൈബിളിനെ കാണുകയും അതിനെ മനസിലാക്കി അനുസരിക്കയും വേണം.

പഴയ ഒരു പുസ്തകമായ ബൈബിളിൽ സത്യമുള്ളതറിയാതെ അതിനെ മാറ്റി വെച്ചിട്ട്, ഇന്ന് ലോകം "സത്യം" അന്വേഷിക്കുന്ന വ്യഗ്രതയിലാണ്. ഒരു കവി പറഞ്ഞു,

> നാം ലോകത്തിൽ സത്യം അന്വേഷിക്കുന്നു, നല്ലതും
> ഭംഗിയുള്ളതും, ശുദ്ധവും ആയതു പെറുക്കിയെടുക്കുന്നു,
> കൊത്തിയ കല്ലിൽനിന്നും, എഴുതപ്പെട്ട ചുരുളുകളിൽനിന്നും
> ആത്മാവിനു തോന്നുന്ന എല്ലാ പഴയ പൂക്കളുമെടുക്കും;
> പിന്നെ, ഏറ്റവും നല്ലത് അന്വേഷിച്ച് മടുക്കും,
> എല്ലാ ജിതേന്ദ്രിയന്മാരും പറഞ്ഞതു കണ്ടെത്തുവാൻ,
> ചോദ്യങ്ങളിൽനിന്നും തിരിച്ചു വരും,
> അത് നമ്മുടെ അമ്മമാർ വായിച്ച പുസ്തകത്തിലുണ്ട്.[40]

നാം ബൈബിളിനെ അനുമോദിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ നാം അതിലെ വഴികൾ പിൻപറ്റും.[41]

---

## പ്രാസംഗികന്മാർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള കുറിപ്പുകൾ

ഈ പാഠവും അടുത്ത പാഠവും ചേർത്ത് രണ്ടു പോയിന്റുകളുള്ള ഒറ്റ പാഠമായി ഉപയോഗിക്കാം: (1) സന്ദേശത്തെ അനുമോദിക്കുക; (2) സന്ദേശത്തെ വിനിയോഗിക്കുക. അദ്ധ്യായത്തെ വിഭാഗിക്കുവാനുള്ള മറ്റൊരു രീതി (1) സന്ദേശത്തിന്റെ സ്വഭാവവും (2) സന്ദേശം ആവശ്യപ്പെടുന്നതും.

ദൂതന്റെ കാഴ്ച്ചപ്പാട് വെച്ച് അദ്ധ്യായം 10 നെ കുറിച്ച് പരസ്യപ്പെടുത്താത്ത "പ്രവാചകന്മാരുടേയും രക്തസാക്ഷികളുടേയും സഭ " എന്ന ഒരു പ്രസംഗം, ജോൺ റിസേ നടത്തി: (1) ദൂതന്റെ വിവരണം (വാ. 1–4), (2) ദൂതന്റെ പ്രഖ്യാ

പനം (വാ. 5-7), (3) ദൂതന്റെ മാർഗ്ഗനിർദ്ദേശം (വാ. 8-11).

അവൻ എഴുത്തുകാരെ ആകർഷിക്കുന്നതാണ് അദ്ധ്യായം 10. ആ വേദഭാഗത്തിന് കൊടുക്കുവാൻ സാധ്യതയുള്ള തലവാചകങ്ങൾ ഇതാ: "വസിക്കുന്ന വചനം,"[42] "നിവൃത്തിയായ മർമ്മം,"[43] "കരുണയുടെ മർമ്മം,"[44] "വീണ്ടെടുപ്പിന്റെ സുവിശേഷവും,"[45] "മഴവില്ല് ദൂതനും."[46] മറ്റു സാധ്യതയുള്ള തലവാചകങ്ങൾ, "ദൂതനും ചെറുപുസ്തകവും," "വലിയ ദൂതനും ചെറുപുസ്തകവും," "ഒരു ചെറു പുസ്തകം തുറന്നു."

---

കുറിപ്പുകൾ

[1]കെജെവിയിൽ "മൈറ്റി" എന്നാണ്. എല്ലാ ദൂതന്മാരും ശക്തി അല്ലെങ്കിൽ ബലമുള്ളവരാണ് (സങ്കീർത്തനങ്ങൾ 103:20), എന്നാൽ സ്പഷ്ടമായും ചിലർ മറ്റുള്ളവരേക്കാൾ ശക്തരായിരുന്നു (അതായത്, ചില ദൂതന്മാർക്ക് മറ്റുള്ളവരേക്കാൾ അധികാരവും ശക്തിയും ഉണ്ട്.) [2]പീറ്റർ പോൾ രുബേൻ (1577-1640) തന്റെ കാലത്തെ ഏറ്റവും പ്രസിദ്ധനായ ഫ്ലെമിഷ് പെയിന്റർ ആയിരുന്നു. അദ്ദേഹത്തിന്റെ അറിയ-പ്പെടുന്ന പല പെയിന്റിങ്ങുകൾക്കു മതപരമായ വിഷയമുണ്ടായിരുന്നു. [3]യൂജിൻ എച്ച്. പീറ്റേഴ്സൺ, *റിവേഴ്സ്ഡ് തണ്ടർ* (സാൻഫ്രാൻസിസ്കോ: ഹാർപ്പർ കോളിൻസ് പബ്ലിഷേഴ്സ്, 1988), 104. [4]മൈക്കിൽ വിൽക്കോക്ക്, ഐ സാ ഹെവൻ ഓപ്പെന്റ്: ദ മെസേജ് ഓഫ് റെവെലേഷൻ, ദ ബൈബിൾ സ്പീക്സ് ടുഡേ സീരീസ് (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർവാഴ്സിറ്റി പ്രസ്, 1975), 100. [5]ചിലർ പറയുന്നത് ആ ദൂതൻ യേശു ആയിരുന്നു എന്നാണ്, അതിന് സാധ്യത കുറവാണ്: (1) പുസ്തകത്തിൽ മറ്റൊരു ഭാഗത്തും യേശുവിനെ ദൂതൻ എന്നു വിളിച്ചിട്ടില്ല. (2) "മറ്റു" എന്ന വാക്ക് ഗ്രീക്കിൽനിന്നു തർജിമ ചെയ്തതിന്റെ അർത്ഥം "*അതേ രീതിയിലുള്ള* മറ്റൊന്ന്" എന്നാണ്. (3) വാക്യം 6-ൽ ഒരു ദൂതൻ ആണയിട്ടതുപോലെ തേജസ്ക്കരിക്കപ്പെട്ട കർത്താവ് ചെയ്യുമെന്ന് കരുതുവാൻ പ്രയാസമാണ്. ആ ദൂതൻ മനുഷ്യ ചരിത്രത്തിലെ തന്നെ ഒരാളോ അല്ലെങ്കിൽ ദൂതന്മാരിൽ പ്രത്യേക ദൂതനായിട്ടോ (ഉദാഹരണത്തിന്, ഗബ്രിയേൽ) തിരിച്ചറിയിക്കുവാൻ ശ്രമം നടത്തിയിട്ടുണ്ട്. വേദഭാഗത്തെ സംബന്ധിച്ച്, അത് കർത്താവിന്റെ സേവനത്തിന് നിയോഗിച്ച "ശക്തനായ [പേർ പറയാത്ത] മറ്റൊരു ദൂതൻ" ആയിരുന്നു. [6]*വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ "കാര്യങ്ങൾ കാഴ്ചപ്പാടിൽ വെക്കുക" എന്ന പാഠത്തിലെ മഴവില്ലിനെ കുറിച്ചുള്ള കുറിപ്പുകൾ നോക്കുക. [7]ആ ചെറുപുസ്തകത്തിന്റെ സർവ്വനാമങ്ങളും ആ പ്രസ്താവനയിൽ ഉൾപ്പെടും. [8]ലിയോൺ മോറിസ്, *റെവെലേഷൻ*, റെവ. എഡി., ദ ടിൻയെയിൽ ന്യൂടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു. എം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1987), 134. [9]ഇത് ഒരുപക്ഷെ അദ്ധ്യായം 5 ലെ മുദ്രയിട്ട പുസ്തകം ആയിരിക്ക*യില്ല*: (1) അദ്ധ്യായം 5 ലെ പുസ്തകം സാധാരണ വലുപ്പത്തിലുള്ളതായിരുന്നു, എന്നാൽ ഈ പുസ്തകം, "ചെറിയ" അല്ലെങ്കിൽ "ചെറു" പുസ്തകം എന്നാണ് വിളിച്ചിരിക്കുന്നത് (ഇംഗ്ലീഷിൽ അതിനെ "ബുക്ക്ലെറ്റ്" എന്നു പറയും). (2) അദ്ധ്യായം അഞ്ചിലേത് ആരംഭത്തിൽ തന്നെ മുദ്രയിട്ടിരുന്നു; എന്നാൽ ഇത് ആരംഭത്തിൽ തുറന്നിരിക്കുകയും - ഉപയോഗിച്ചിരിക്കുന്ന കാലങ്ങൾ അനുസരിച്ച് അത് തുറന്നു തന്നെ ഇരിക്കും. [10]കെജെവിയിൽ "പ്രഖ്യാപിച്ചു" എന്നാണ്.

[11]"സുവാർത്ത" അല്ലെങ്കിൽ "സുവിശേഷം" എന്ന വാക്കിനായി *യുവാഞ്ചെലിയോൺ* എന്ന ഗ്രീക്ക് ക്രിയാരൂപം തർജിമ ചെയ്തതാണ് "അറിയിച്ചു" എന്ന വാക്ക്. [12]അദ്ധ്യായം 12 മുതൽ അടങ്ങുന്നതായിരുന്നു ആ ചെറുപുസ്തകത്തിൽ ഉണ്ടായിരു

ന്നത് എന്ന ആശയത്തോടാണ് ഞാൻ യോജിക്കുന്നത്. "രാജാക്കന്മാരോട്" അറിയിക്കുവാൻ യോഹന്നാനെ ആ പുസ്തകം യോഗ്യനാക്കി (10:11) രാജാക്കന്മാരെ കുറിച്ച് വളരെ കാര്യങ്ങൾ അദ്ധ്യായം 17 പറയുന്നു. [13]അതിൽ 10:11 ലേതുപോലെ ചെറിയ ഒരു സന്ദേശം മാത്രമായിരിക്കാം ഉണ്ടായിരുന്നത്. കർത്താവിനു വേണ്ടി സംസാരിക്കേണ്ടതിൽ എന്തെല്ലാമാണ് അടങ്ങിയിരിക്കുന്നത് യോഹന്നാന് അറിയാമായിരുന്നതുകൊണ്ട്, (അവന്നുവേണ്ടി നിൽക്കുന്നതിന്റെ അനന്തരഫലമടക്കം). തുടർന്നു പ്രസംഗിക്കുക എന്നത് കൈപ്പും മധുരവുമുള്ള അനുഭവമായിരിക്കും. [14]ഈ ചിത്രം നിങ്ങളുടെ സദസ്യർക്ക് ചിത്രീകരിച്ചുകൊടുക്കുമ്പോൾ, തീ-ത്തൂണു-പോലെയുള്ള കാൽ സമുദ്രത്തിൽ വെക്കുന്നതിനെ ഓർപ്പിക്കുന്നതു നന്നായിരിക്കും. [15]ചില സത്യങ്ങൾ നമുക്ക് നൽകിയാലും, മനസിലാക്കുവാൻ കഴിയുകയില്ല (യെശയ്യാവ് 55:8, 9). [16]യിരെമ്യാവ് 25:30; യോവേൽ 3:16; ആമോസ് 3:8; ഹോശേയ 11:10 നോക്കുക. [17]മൂലഗ്രന്ഥത്തിൽനിന്നുള്ള അക്ഷരിക തർജിമയാണ് "ഏഴ് ഇടിമുഴക്കം". [18]ഇത് നമുക്ക് വെളിപ്പാട് നടപടിയെക്കുറിച്ച് ഒരു സൂചന നൽകുന്നു. സ്പഷ്ടമായും, യോഹന്നാന് ദർശനം അനുഭവപ്പെട്ടെങ്കിലും, അവൻ കാണുകയും കേൾക്കുകയും ചെയ്തത് എഴുതുകയായിരുന്നു. [19]മുദ്രയുടെ മൂന്ന് ഉദ്ദേശങ്ങൾ നാം മുൻപ് ഊന്നി പറഞ്ഞിരുന്നു: (1) ഉടമസ്ഥാവകാശം പരിശോധിക്കുന്നതിന്, (2) അതിന്റെ കൃത്യത ഉറപ്പാക്കുവാൻ, (3) ഉള്ളടക്കം സംരക്ഷിക്കുവാൻ. (*വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ "കൊടുങ്കാറ്റിന്റെ മദ്ധ്യേ ശാന്തത" എന്ന പാഠത്തിലെ 7:3 ന്റെ കുറിപ്പുകളും, "കുഞ്ഞാട് യോഗ്യൻ" എന്ന പാഠത്തിലെ 5:1 ന്റെ കുറിപ്പുകളും നോക്കുക.) അപോകാലിപ്റ്റിക് സാഹിത്യത്തിൽ മുദ്രകൾക്ക് വേറെയും അർത്ഥമുണ്ട്: സന്ദർഭം വ്യക്തമാക്കുവാൻ. (ദാനിയേൽ 12:4 നെ വെളിപ്പാട് 22:10 മായി താരതമ്യം ചെയ്യുക.) "അവഎഴുതരുത്" എന്ന കൽപന പോലെ തന്നെയാണ് 10:4 ലെ "മുദ്രയിട്ടേക്ക" എന്ന കൽപനയും (കടലാസിലാകാത്ത ഒന്ന് *അക്ഷരികമായി* "മുദ്രയിടുവാൻ" സാധ്യമല്ലല്ലോ). [20]ഒരു മനുഷ്യൻ (പൗലൊസ്) പറുദീസയിലേക്ക് എടുക്കപ്പെട്ടപ്പോൾ കണ്ടത് പറയരുതെന്ന് പറഞ്ഞതുമായി താരതമ്യപ്പെടുത്താവുന്നതാണ് (2 കൊരിന്ത്യർ 12:4).

[21]പ്രകൃതിയിൽ ഇടിയുണ്ടാകുന്നത് കൊടുങ്കാറ്റിന്റെ മുന്നോടിയാണെന്ന് പല എഴുത്തുകാരും കരുതുന്നു, എന്നാൽ ബൈബിളിൽ അത് ഭയങ്കരത്വത്തെയും, ശക്തിയേയും, ന്യായവിധിയേയും ആലങ്കാരികമായി സൂചിപ്പിക്കുന്നു. (ഉദാഹരണത്തിന്, വെളിപ്പാട് 4:5; 6:1; 8:5; 11:19; 14:2; 16:18; 19:6 നോക്കുക). അഭക്തരെ ദൈവം ന്യായം വിധിക്കുന്നു എന്ന സന്ദേശം കൂടെ ഏഴ് ഇടിമുഴക്കത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. "ഇടിമുഴക്കത്തിന്റെ സങ്കീർത്തനം" എന്ന് റബ്ബിമാർ വിശേഷിപ്പിച്ചിരുന്ന സങ്കീർത്തനങ്ങൾ 29 മായി ഇത് ബന്ധപ്പെട്ടിരിക്കുന്നതായി പലരും കരുതുന്നു. ആ സങ്കീർത്തനത്തിൽ ഇടിമുഴക്കം ദൈവത്തിന്റെ ശബ്ദമായിട്ടാണ്, ഏഴ് പ്രാവശ്യം പറഞ്ഞിരിക്കുന്നത്. തിരുവെഴുത്തിൽ, ദൈവശബ്ദം പലപ്പോഴും ഇടിയോട് സാദൃശപ്പെടുത്തിയാണ് പറഞ്ഞിരിക്കുന്നത് (ഇയ്യോബ് 26:14; 37:5 യോഹന്നാൻ 12:28, 29). [22]ഈ പോയിന്റിൽ വ്യാഖ്യാതാക്കൾ സൃഷ്ടിപരമായ സമീപനമാണ് എടുത്തിരിക്കുന്നത്. "ദൈവം അഭക്തർക്ക് ഇനി ഒരു മുന്നറിയിപ്പും" കൊടുപ്പാൻ ആഗ്രഹിക്കുന്നില്ല എന്നു തുടങ്ങി "നമ്മുടെ മനസിൽ ഇത്രമാത്രമെ പണിയുവാൻ കഴിയു" എന്നു വരെ വിവേചനം നടത്തിയിരിക്കുന്നു. [23]മോറിസ്, 135. [24]വില്യം ഹെൻഡ്രിക്സൺ, *മോർ ദാൻ കോൺകറേഴ്സ്* (ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്. ബേക്കർ ബുക്ക് ഹൗസ്, 1954), 150. [25]ബർട്ടൻ കോഫ്മാൻ, *കമെന്ററി ഓൺ റെവെലേഷൻ* (ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ്ങ് ഹൗസ്, 1979), 225. [26]ദാനിയേലിന്റെ പുസ്തകത്തിലെ (ദാനിയേൽ 12) അവസാന ഭാഗത്തെ ദർശനം പോലെയാണ് വെളിപ്പാട് 10 ലെ ആദ്യഭാഗ രംഗം. അവ

രണ്ടും എങ്ങനെ ഒന്നായിരിക്കുന്നുവെന്നും, എങ്ങനെ ഓരോന്നും വ്യത്യസ്തമായിരിക്കുന്നുവെന്നും നിങ്ങൾക്ക് വേണമെങ്കിൽ താരതമ്യം ചെയ്യാം. [27]ചിലർ തങ്ങളുടെ നിയമപരമായ പ്രതിജ്ഞ ചെയ്യുമ്പോൾ ബൈബിളിന്മേൽ കൈ വെക്കാതെ ആകാശത്തേക്ക് കൈകൾ ഉയർത്തി പ്രതിജ്ഞ ചെയ്യും. സ്പഷ്ടമായും അവ രണ്ടും ഒന്നു തന്നെയാണെന്ന് അവർ തിരിച്ചറിയുന്നില്ല. [28]പ്രതിജ്ഞയിൽ ദൈവത്തെ നേരിട്ട് ബന്ധപ്പെടുത്തിയിരിക്കുകയാണ്: ദൈവം നിത്യനും, എല്ലാം സൃഷ്ടിച്ചവനും ആകയാൽ, അവൻ എല്ലാം നിയന്ത്രിക്കുന്നു - അതുകൊണ്ട് അവന് വാഗ്ദാനം ചെയ്തതെല്ലാം നിവർത്തിയാക്കുവാൻ കഴിയും. [29]ആളുകൾ നടത്തിയിരുന്ന വ്യർത്ഥമായ ആണകളെ ബൈബിൾ കാലഘട്ടത്തിൽ വിലക്കിയിരുന്നു (മത്തായി 5:34, 36; യാക്കോബ് 5:12). നമ്മുടെ വാക്കുകളും സംസാരവും സത്യസന്ധമാണെങ്കിൽ നാം ദൈവിക വസ്തുക്കളെ പ്രതിജ്ഞക്ക് അനാവശ്യമായി എടുക്കരുത്. നേരെ മറിച്ച് രാജ്യനിയമപ്രകാരമുള്ള പ്രതിജ്ഞയെ ബൈബിൾ സാധൂകരിക്കയും ചെയ്യുന്നു (സംഖ്യാപുസ്തകം 5:19; നെഹമ്യാവ് 5:12; മത്തായി 26:63, 64) യഹോവയുടെ മുൻപിലും വിശുദ്ധ സത്യം (ആണ) ചെയ്തിരുന്നു (പ്രവൃത്തികൾ 18:18; എബ്രായർ 6:16). ഒരു നേർച്ച, നേരുന്നതിന് മുൻപ്, വളരെ ശ്രദ്ധിക്കനം, കാരണം നേർന്നിട്ട് കഴിക്കാതിരിക്കരുത് (സംഖ്യാപുസ്തകം 30:2). [30]*ക്രോണോസ്* എന്ന വാക്കിൽ നിന്നാണ് നമുക്ക് "ക്രോണോളജി" കിട്ടിയിരിക്കുന്നത്.

[31]ജീവിതത്തിലെ സംഭവങ്ങളുടെ പിന്തുടർച്ച നൽകുന്ന പ്രയോഗമാണ് "കാലം" എന്നത്. നിത്യതയിലും പിന്തുടർച്ചാ സംഭവങ്ങളുണ്ടായിരിക്കും. അതുകൊണ്ട് നിത്യതയിൽ "ഇനി കാലം ഉണ്ടായിരിക്കുകയില്ല എന്നു പറയുന്നത്" കൃത്യമായും ശരിയായിരിക്കുകയില്ല. [32]*ക്രോണോസ്* എന്നത് മറ്റൊരു വാക്കായ "ഡിലേ" എന്നതിന് ഉപയോഗിച്ചിരിക്കുന്ന വേദഭാഗത്തിന്, എബ്രായർ 10:37 നോക്കുക (കെജെവിയിൽ "ടാരി" എന്നാണ്). [33]മത്തായി 13:11; ലൂക്കൊസ് 8:10; 1 കൊരിന്ത്യർ 4:1; എഫെസ്യർ 6:19; കൊലൊസ്യർ 4:3 നോക്കുക. [34]വെളിപ്പാട്, 1 എന്ന പുസ്തകത്തിലെ "ഇസബേൽ അംഗമായിരിക്കുന്ന സഭ " എന്ന പാഠത്തിലെ "ആഴമേറിയ കാര്യങ്ങൾ" എന്നതിന്റെ പരാമർശങ്ങൾ നോക്കുക. [35]"മർമ്മം" എന്ന വാക്കിന് പുതിയനിയമത്തിൽ ചിലപ്പോൾ ഈ അർത്ഥമുണ്ട് (1 കൊരിന്ത്യർ 13:2; 14:2 നോക്കുക) എങ്ങനെയായാലും, പുതിയ നിയമത്തിൽ, "മർമ്മം" എന്നത് സാങ്കേതികമായി, ഒരിക്കൽ മറഞ്ഞിരുന്നതും പിന്നീട് വെളിപ്പെടുത്തിയതും എന്നാണ് അർത്ഥം. വെളിപ്പാട് പുസ്തകത്തിലും, "മർമ്മം" എന്ന് ഉപയോഗിച്ചിരിക്കുന്നത്, പൊതുവിൽ താഴെ കൊടുത്തിരിക്കുന്നതുപോലെയാണ് (1:20; 17:5, 7). [36]മർമ്മം എന്ന വാക്കിൽ അന്തർലീനമാക്കിയിരിക്കുന്നത് എന്തെന്നാൽ ദൈവം വെളിപ്പെടുത്താത്ത ചില സത്യങ്ങൾ മനസിലാക്കുവാൻ കഴിയുകയില്ല എന്നതാണ്. [37]ഊന്നൽ യെഹൂദ പ്രവാചകന്മാരിൽ ആയിരിക്കാം, എന്നാൽ ക്രിസ്തീയ പ്രവാചകന്മാരും ഉണ്ടായിരുന്നു. (പ്രവൃത്തികൾ 13:1; 15:32; 21:10; 1 കൊരിന്ത്യർ 12:28, 29; 14:29, 32; എഫെസ്യർ 2:20; 3:5; 4:11). ദൈവശ്വാസിയമായ ദൈവത്തിന്റെ വക്താക്കളെയാണ് "പ്രവാചകന്മാർ" എന്ന വാക്കുകൊണ്ടുദ്ദേശിക്കുന്നത്. [38]ഈ പുസ്തകത്തിൽ പിന്നീട് വരുന്ന "അവസാന കാഹളം" എന്ന പാഠത്തിലെ 11:15 ലെ കുറിപ്പുകൾ നോക്കുക. [39]വിൽക്കോക്ക്, 101. [40]ജോൺ ഗ്രീൻലീഫ് വൈറ്റിയർ, ഇൻ *മിരിയാം* (ക്വോട്ടഡ് ഇൻ ഡേവിഡ് എഫ്. ബർഗസ്, കോമ്പ്., *എൻസൈക്ലോപീഡിയ ഓഫ് സെർമൺ ഇല്ലസ്ട്രേഷൻസ്* [സെന്റ് ലൂയിസ്: കൺകോഡിയ പബ്ലിഷിങ്ങ് ഹൗസ്, 1988], 23–24).

[41]നിങ്ങൾ ഇതൊരു പ്രസംഗമായി അവതരിപ്പിക്കുകയാണെങ്കിൽ, അക്രൈസ്തവരോട് ക്രിസ്ത്യാനികളാകേണ്ടത് എങ്ങനെയെന്നും തെറ്റിപ്പോയ ക്രിസ്ത്യാനികൾക്ക് എങ്ങനെ തിരിച്ച് ദൈവത്തിങ്കലേക്ക് മടങ്ങിവരാമെന്നും അറിയിക്കുക ഈ പുസ്തക

ത്തിൽ മുൻപ് വന്നതായ "സ്വയം-നശിപ്പിക്കുന്ന പാപസ്വഭാവം" എന്ന പാഠത്തിലേയും "ഉണരുവാനുള്ള ദൈവത്തിന്റെ-വിളി" എന്ന പാഠത്തിലേയും ഉപസംഹാരങ്ങൾ നോക്കുക. [42]ആൽബർട്ട് എച്ച്. ബാല്ഡിഞ്ചർ, *പ്രീച്ചിങ്ങ് ഫ്രം റെവെലേഷൻ*: ടൈമ്ലി മെസേജ് ഫോർ ട്രബിൾഡ് ഹാർട്സ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, 1960), 48. [43]മെറിൽ സി. ടെനി, *പ്രൊക്ലെയിമിങ്ങ് ന്യൂ ടെസ്റ്റമെന്റ്: ദ ബുക്ക് ഓഫ് റെവെലേഷൻ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1963), 51. [44]ഡി. ടി. നൈൽസ്, *ആസ് സീയിങ്ങ് ദ ഇൻവിസിബിൾ: എ സ്റ്റഡി ഓഫ് ബുക്ക് ഓഫ് റെവെലേഷൻ* (ന്യൂയോർക്ക്.: ഹാർപ്പർ & ബ്രദേഴ്സ് പബ്ലിഷേഴ്സ്, 1961), 149. [45]ഇബിഡ്., 149. [46]ആർ. സി. എച്ച്. ലെൻസ്കി, *ഇന്റർപ്രെട്ടേഷൻ ഓഫ് സെന്റ് ജോൺസ് റെവെലേഷൻ* (കൊളൊമ്പസ്, ഓഹിയോ: വാർത്തർഗ് പ്രസ്, 1951), 310.

---

## ചർച്ചക്കും പുനരവലോകനത്തിനമുള്ള ചോദ്യങ്ങൾ

1. ഏഴാംമുദ്രക്കും എട്ടാംമുദ്രക്കും ഇടക്ക് ഒരു "തടസം" നേരിട്ടു; ഇപ്പോൾ, ആറാമത്തെ കാഹളത്തിനും ഏഴാമത്തെ കാഹളത്തിനുമിടക്ക് "തടസം" നേരിട്ടിരിക്കുകയാണ്. ഈ രണ്ട് "തടസങ്ങൾ" തമ്മിൽ എന്താണ് വ്യത്യാസം?
2. ആ രണ്ടു "തടസങ്ങൾ" കൊണ്ട് നമുക്ക് എന്തു വിലയാണുള്ളത്?
3. വെളിപ്പാട് പുസ്തകം നിങ്ങൾ പഠിക്കുവാൻ തുടങ്ങുന്നതിനുമുൻപ് നിങ്ങൾ ദൂതന്മാരെ എങ്ങനെയാണ് കണ്ടിരുന്നത്? എന്തുകൊണ്ട്?
4. വെളിപ്പാട് 10 ലെ, ശക്തനായ ദൂതനെ വിവരിക്കുക. ആ വിവരണം നിങ്ങളുടെ മനസിൽ എന്തു പ്രതീതിയാണ് ഉളവാക്കിയത്?
5. ആ ചെറുപുസ്തകം എന്താണെന്നാണ് നിങ്ങൾ വിചാരിക്കുന്നത്?
6. ഏഴ് ഇടിമുഴക്കം പറയുന്നത് എഴുതരുത് എന്ന് യോഹന്നാനോട് പറയുവാൻ കാരണം എന്തായിരിക്കുമെന്നാണ് *നിങ്ങൾ* കരുതുന്നത്?
7. വാക്യം 6 ലെ "ഡിലെ" എന്നതിന്റെ അർത്ഥം വിവരിക്കുക.
8. വാക്യം 7 ലെ "ദൈവത്തിന്റെ മർമ്മം" എന്ന പ്രയോഗത്തിന്റെ അർത്ഥം വിവരിക്കുക.



ദൂതനും ചെറുപുസ്തകവും (10:1, 2)